കെഎസ്എ-കെടിഎം.പി.6-987/2017 തീയതി **-05.07.2017**

# കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.11.16 മുതൽ 14.6.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബുജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15/6/2017മുതൽ 22/6/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി<br>ശ്രീമതി സ്മിത ജി നായർ<br>ശ്രീ.സുമേഷ് .പി.വി<br>ശ്രീ ലൂക്കോസ് കുര്യൻ | ഓഡിറ്റ്ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ പി വി ഹരിക്കുട്ടൻ | 01/4/16 മുതൽ 31/03/17 വരെ |
| സെക്രട്ടറി | ശ്രീമതി മീര എൻ മേനോൻ | 01/4/16 മുതൽ 31/03/17 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശോഭിനി റ്റി വി | 01/04/16 മുതൽ 31/03/17വരെ |
| കൃഷിഓഫീസർ | റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | 01/04/16 മുതൽ 31/03/17വരെ |
| വെറ്ററിനറിസർജൻ | ഡോ അനിൽകുമാർ | 01/04/16മുതൽ 31/03/17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മനോജ് കുമാർ എം | 01/04/16മുതൽ 31/03/17വരെ |
| വി.ഇ.ഒ | അനില കെ എസ്<br>ജിഷ പി റ്റി | 01/04/16മുതൽ 31/03/17വരെ<br>01/04/16മുതൽ 31/03/17വരെ |
| ഐ.സി.ഡി.എസ്. | ജലജകുമാരി | 01/04/16മുതൽ 31/03/17വരെ |

| | | |
|---|---|---|
| സൂപ്പർവൈസർ | | |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ അലക്സ് തോമസ് | 01/04/16മുതൽ 31/03/17വരെ |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | ഡോ സുധിൻകൃഷ്ണൻ റ്റി | 01/04/16മുതൽ 31/03/17വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ. നമിത | 01/04/16മുതൽ 31/03/17വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | മറ്റം മെറിറ്റ് കുര്യൻ | 01/04/16മുതൽ 31/03/17വരെ |
| ഹെഡ് മാസ്റ്റർ | വിജയകുമാർ | 01/04/16മുതൽ 31/03/17വരെ |

ഉള്ളടക്കം


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| തനത് ഫണ്ട് ചെലവുകൾ | 1-8 |
| ക്ഷേമ പദ്ധതികൾ | 1-9 |
| ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| ആഭ്യന്തരനിയന്ത്രണം | 1-11 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം 2-വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യിട്ടില്ല | 2-2 |

| | |
|---|---|
| ഉപയോഗശൂന്യമായ രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല | 2-3 |
| ബി.എസ്.എൻ.എൽ. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-4 |
| തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| ഡി & ഒ ലൈസൻസ് എടുക്കാതെ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു | 2-6 |
| റോഡ് നിർമ്മാണത്തിന് സ്വകാര്യ വ്യക്തികൾ വിട്ടുതന്ന ഭൂമി പഞ്ചായത്തിന്റെ പേരിലാക്കി ലഭിച്ചിട്ടില്ല | 2-7 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല. | 3-1 |
| കാലിത്തീറ്റ ഇൻസെന്റീവ്--5414/- രൂപ അധികമായി പിൻവലിച്ചു | 3-2 |
| റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല | 3-3 |
| സേവനനികുതി അടവാക്കിയതായി കാണുന്നില്ല | 3-4 |
| ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ--മരുന്ന് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ് | 3-5 |
| കണ്ണകുളത്ത്പാലം അറ്റകുറ്റപ്പണി--ചെലവ് തുക തിരികെ ഈടാക്കിയിട്ടില്ല | 3-6 |
| വെള്ളക്കരമിനത്തിലുള്ള അധികച്ചെലവ്--ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല | 3-7 |
| വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| വിവിധ ഭവന നിർമ്മാണ പ്രോജക്ടുകൾ--ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-9 |
| മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-10 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |

| | |
|---|---|
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ | അനുബന്ധം-3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 28/03/2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 2197616 | 2651436 | 453820 | |
| വരവ് | 64429916 | 39845106 | | 24584810 |
| ആകെ | 66627532 | 42496542 | | 24130990 |
| ചെലവ് | 63017825 | 37301977 | | 25715848 |
| നീക്കിയിരിപ്പ് | 3609707 | 5194565 | 1584858 | |

പുതുക്കിയ ബജറ്റായിട്ടും യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി ബജറ്റ് പൊരുത്തപ്പെടുന്നില്ല. പ്രതീക്ഷിച്ച വരവിന്റെ പകുതിയോളം പോലും യഥാർത്ഥത്തിൽ ലഭിച്ചില്ല. പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മിലും കോടികളുടെ അന്തരമുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷികധനകാര്യപത്രിക 08.06.2017 ൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ വാർഷിക കണക്കുകൾ | സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പരിശോധിച്ചു. അപാകതകൾ ഖ.2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -2651436

വരവ് -39845106

ആകെ -42496542

ചെലവ് -37301977

നീക്കിയിരിപ്പ്-5194565

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10902160 | 10902160 | 10540421 | 361739 | 96.68 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4036506 | 4036506 | 3273363 | 763143 | 81 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 31377 | 31377 | 31377 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1804845 | 1804845 | 1071688 | 733157 | 59.37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2921448 | 2921448 | 1838188 | 1083260 | 62.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6114356 | 6114356 | 3866934 | 2247422 | 63.2 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3214542 | 3214542 | 1705524 | 1509018 | 53 |

## 1-6 വാർഷികപദ്ധതി

### പദ്ധതി രൂപീകരണം

വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതി

രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ ജൂൺമാസം 19 മുതൽ 26 വരെയുള്ള തീയതികളിലും ഊരുകൂട്ടയോഗം 16-6-16ലും വികസനസെമിനാർ 11.7.2016ലും നടത്തുകയുണ്ടായി.

പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിയുടെ അവസാനവർഷമായ 2016-17-ലെ പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതിഅംഗീകാരം

ഗ്രാമപഞ്ചായത്ത്കമ്മിറ്റിയുടെ 10-6-17-ലെ V111-ാം നമ്പർ തീരുമാനപ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ കരട് പദ്ധതിരേഖ അംഗീകരിച്ചു. വാർഷികപദ്ധതിക്ക് 9-8-16-ലെ 24-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 27-3-17-ലെ 490/16/ഡി.പി.സി/ഡി.പി.ഒ /കെ.റ്റി.എം നമ്പർ അന്തിമനടപടി ഉത്തരവ്പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 4,37,57,955/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന വാർഷികപദ്ധതി പ്രകാരം 22 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 122 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 17സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 92 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെലവ്ശതമാനം |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 10902160 | 10540421 | 96 |
| എസ്.സി.പി | 4074006 | 3273363 | 80 |
| റ്റി.എസ്.പി | 31377 | 31377 | 100 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 6114356 | 3866934 | 63 |
| ലോകബാങ്ക് ധനസഹായം | 3214542 | 1705524 | 53 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 2790300 | 329129 | 11 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 312500 | - | - |
| തനതുഫണ്ട് | 4450316 | 1831609 | 41 |
| ബ്ലോക്ക് വിഹിതം | 300000 | 207615 | 69 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 1804845 | 1071688 | 59 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 2921448 | 1838188 | 62.92 |
| മറ്റുള്ളവ | 6842105 | 61000 | 1 |
| ആകെ | 43757955 | 24756848 | 56.57% |

2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 56.57% മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ. തുടക്കംമുതൽ 12/17വരെയുള്ള കാലയളവിൽ പദ്ധതിനിർവ്വഹണത്തിൽ മികച്ചപുരോഗതി

കൈവരിച്ചിരുന്നെങ്കിലും അവസാന മാസങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർ ഏറ്റെടുത്തിരുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായ കാലതാമസം, തനതുഫണ്ടിൽനിന്നുള്ള അടങ്കൽതുക കാണിച്ചതും കേന്ദ്രാവിഷ്കൃതഫണ്ട് ലഭിക്കാതെതന്നെ വൻതുക വാർഷികപദ്ധതിക്ക് വകയിരുത്തിയതും അടങ്കലിനെ അടിസ്ഥാനമാക്കുമ്പോൾ ചെലവുശതമാനം കുറയുന്നതിനിടയായി.

നേട്ടത്തിനുള്ള അംഗീകാരം

2016-17വാർഷികപദ്ധതിക്കാലയളവിലെ ഡിസംബർ 31 വരെയുള്ള ആദ്യഘട്ടത്തിൽ പദ്ധതിനിർവ്വഹണ പുരോഗതിയിൽ ജില്ലാതലത്തിൽ 3-ാം സ്ഥാനത്തും സംസ്ഥാനതലത്തിൽ 37-ാം സ്ഥാനത്തുമായിരുന്നു മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്. പ്രസ്തുത നേട്ടത്തിനുള്ള അംഗീകാരമായി പഞ്ചായത്ത് ഡയറക്ടറുടെ പ്രശംസാപത്രം പഞ്ചായത്തിന് ലഭിച്ചിരുന്നു. കൂടാതെ 24-3-2017-ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പഞ്ചായത്തിനെ ജനസൗഹൃദ സദ്ഭരണ പഞ്ചായത്തായി പ്രഖ്യാപിക്കുകയും ചെയ്തു.

12-പഞ്ചവൽസരപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2012-17 വികസനരേഖപ്രകാരം 12-ാം പദ്ധതിയിൽ മുൻഗണന നൽകിയിരുന്നത് ചുവടെ ചേർക്കുന്ന വികസനലക്ഷ്യങ്ങൾക്കായിരുന്നു.

1. ഉത്പ്പാദനമേഖലയുടെ സ്ഥായിയായ വളർച്ച
2. പരിസ്ഥിതികളുടേയും പ്രകൃതിവിഭവങ്ങളുടേയും സംരക്ഷണം
3. മാനവവികസനം
4. ജീവിതഗുണനിലവാരം ഉയർത്തൽ
5. സേവനപ്രദാനസംവിധാനങ്ങളുടെ ഗുണമേന്മ
6. സാമൂഹ്യനീതി

കാർഷികഗ്രാമമായ പഞ്ചായത്തിൽ 2012-13 മുതൽ 2016-17 വരെയുള്ള എല്ലാ വാർഷികപദ്ധതികളിലും കാർഷികോത്പ്പാദനവർദ്ധനവ് ലക്ഷ്യമാക്കി മുണ്ടകൻ/വിരിപ്പുകൃഷി നടത്തുന്ന കർഷകർക്ക് വിത്തും വളവും വിതരണം ചെയ്യുന്നതിനും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കിനെൽകൃഷി നടത്തുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച നടപ്പാക്കി. കന്നുകുട്ടിപരിപാലനപദ്ധതി, ക്ഷീരകർഷകർക്ക് ഇൻസന്റീവ് നൽകൽ, മൃഗാശുപത്രിക്ക് മരുന്ന് തുടങ്ങിയ പ്രോജക്ടുകൾ 12-ാം പദ്ധതിയിൽ ക്ഷീരോത്പ്പാദനമേഖലയുടെ വളർച്ചയ്ക്ക് തുടക്കമിട്ടു. മത്സ്യത്തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന പ്രദേശമെന്ന നിലയിൽ തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച നടപ്പാക്കിയത് ഈ മേഖലയുടെ വളർച്ചയ്ക്കും ഒരു പരിധിരെ സഹായകമായിട്ടുണ്ട്. എന്നാൽ കാർഷിക/ക്ഷീര/മത്സ്യബന്ധന മേഖലകളിലുണ്ടായ ഉത്പ്പാദനവർദ്ധനവ് സ്ഥിരീകരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. പരിസ്ഥിതികളുടേയും പ്രകൃതിവിഭവങ്ങളുടേയും സംരക്ഷണത്തിനായി എടുത്തുപറയത്തക്ക പ്രോജക്ടുകളൊന്നും പദ്ധതിക്കാലയളവിൽ ആവിഷ്ക്കരിച്ചിട്ടില്ല.

മാനവവികസനം, ജീവിതഗുണനിലാരം ഉയർത്തൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വിദ്യാഭ്യാസത്തിനും, ആരോഗ്യസംരക്ഷണത്തിനും മുൻഗണന നൽകി സേവനമേഖലയിലും പശ്ചാത്തലമേഖലയിലും നിരവധി പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും ലക്ഷ്യങ്ങൾ പൂർണ്ണമായും സാക്ഷാത്ക്കരിക്കാനായിട്ടില്ല. സമസ്തമേഖലയിലും വികസനം ലക്ഷ്യമാക്കി അടിസ്ഥാനവർഗ്ഗ വിഭാഗങ്ങളായ കയർ, കൈത്തറി, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച നടപ്പാക്കി. പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് 46,08,492/-രൂപ ചെലവഴിച്ച് സാസ്കാരികകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതും ആയത് പൊതുജനങ്ങൾക്ക് ഉപകാരപ്രദവും പഞ്ചായത്തിന് വരുമാനദായകവുമായ ഒരു സംരഭമാക്കിമാറ്റാൻ തീരുമാനിച്ചതും ഈ പദ്ധതിക്കാലത്തെ എടുത്തുപറയത്തക്ക നേട്ടമായി കരുതാവുന്നതാണ്.

നിയമപ്രകാരം പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും ലഭിക്കുന്നതിന് സേവനപ്രദാന സംവിധാനങ്ങളുടെ കാര്യക്ഷമതവർദ്ധിപ്പിക്കുന്നതിനായി ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഫലപ്രദമായ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് സംവിധാനത്തിലൂടെയും അക്കൗണ്ട് ട്രാൻസ്ഫർവഴിയും ക്ഷേമപദ്ധതി ആനുകൂല്യങ്ങളുടെ വിതരണം

സുതാര്യമാക്കുകയും ചെയ്തത് പന്ത്രണ്ടാം പദ്ധതിയുടെ വലിയ നേട്ടമാണ്.

സാമൂഹ്യനീതി ലക്ഷ്യമാക്കി വൃദ്ധർ, വികലാംഗർ, സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവർ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രോജക്ടുകൾ എല്ലാ വാർഷികപദ്ധതികളിലും ഉൾപ്പെടുത്തിയിരുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2967096 | 3890203 | (+)923107 |
| നികുതിയേതര വരവുകൾ | 565866 | 628611 | (+)62745 |
| മറ്റുവരവുകൾ | 25620 | 101984 | (+)76364 |
| ആകെ | 3558582 | 4620798 | (+)1062216 |

മുൻ വർഷത്തെ അപേക്ഷിച്ച് തനതുഫണ്ട് വരുമാനത്തിലുണ്ടായ ഗണ്യമായ വർദ്ധനവ് ശ്ളാഘനീയമാണ്.

## 1-8 തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എന്നാൽ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കറന്റ് ചാർജ്, ഫോൺബില്ല് തുടങ്ങിയ ചെലവുകളുടെ ബില്ലുകൾ വൗച്ചറുകളിൽ സൂക്ഷിച്ചിട്ടില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 503520 | 277 |
| കർഷകതൊഴിലാളി പെൻഷൻ | 3269890 | 335 |
| വിധവാപെൻഷൻ | 5686115 | 512 |
| വാർദ്ധക്യകാലപെൻഷൻ | 22553750 | 2236 |
| വികലാംഗപെൻഷൻ | 2362265 | 246 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 438460 | 43 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 17/6/2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (12222രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട്

ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/5/17 | 4/17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.12-22.5.12 | 2007-08 മുതൽ 2011-12വരെ | LBA(HQ/I1/BA-819/35 Dt.19/06/2012 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2016-17ലെ വാർഷിക കണക്കുകളുടെ അപാകകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11) പാലിച്ചിട്ടില്ല.
2. കെട്ടിടനികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
3. മുൻ വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയുണ്ടായിരുന്നത് 24400 രൂപയാണ്. എന്നാൽ അരിയർ കളക്ഷനായി തൻവർഷം കാണിച്ചിരിക്കുന്നത് (RP 43) 32500 രൂപയാണ്.
4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 13-14,14-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ റിക്കവറി ഇനത്തിൽ 3052 രൂപ വരവുണ്ട് (ചെക്ക് നമ്പർ 783202/19.1.17). എന്നാൽ ലെഡ്ജർ പ്രകാരം ടി തുക വരവായി രേഖപ്പെടുത്തിയിട്ടില്ല.

## 2-2 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകൾ ഇല്ലാത്തതായി കണ്ടു.

| ഇനം | അക്കൗണ്ട് നമ്പർ | 31.3.17 ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ്.എസ്.എ | 67012192758 എസ്.ബി.ടി, കെ.എസ് മംഗലം | 39939 |
| പെൻഷൻ | 57066570802 എസ്.ബി.ടി, കെ.എസ് മംഗലം | 149 |
| സാക്ഷരത | 57066566670 എസ്.ബി.ടി, കെ.എസ് മംഗലം | 53924 |

ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകളുടെ സ്രോതസ്സ് കണ്ടെത്തി തിരികെ അടക്കേണ്ടതാണ്.

## 2-3 ഉപയോഗശൂന്യമായ രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേക്ക് സന്നദ്ധരായ വ്യക്തികൾ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയിൽ നിന്നും പണസമാഹരണം നടത്തുന്നതിനായി 22.03.2007- ൽ 50 രസീതുകളടങ്ങിയ പത്ത് രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത് സ്റ്റോക്കിൽ എടുക്കുന്നതിൽ 26.03.2007- ൽ ഒരെണ്ണം (ബുക്ക് നം.1) മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലേക്ക് ഇപ്പോൾ പണസമാഹരണം നടത്തുന്നത് ഫ്രണ്ട് ഓഫീസ് വഴിയാണ് ആയതിനാൽ ബുക്ക് നം.1- ലെ ഉപയോഗിക്കാത്ത രസീതുകളും സ്റ്റോക്കിൽ

ബാക്കിയുള്ള 09 രസീത് ബുക്കുകളും നിയമാനുസൃതം ക്യാൻസൽ ചെയ്യുന്നതിന് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ബി.എസ്.എൻ.എൽ. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ 5-ആം വാർഡിൽ സ്ഥിതിചെയ്യുന്ന ബിൽഡിംഗ് നം. 169/B ആയിട്ടുള്ള BSNL മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി 2013-14 കാലയളവുമുതൽ കുടിശ്ശികയാണ്. പ്രസ്തുത ടവറിന്റെ വസ്തുനികുതി പിഴ പലിശയോടുകൂടി കുടിശ്ശിക സഹിതം ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 കാലയളവിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | പി.വി.എംസൂപ്പർ മാർക്കറ്റ്, കുലശേഖര മംഗലം | II'nd | തൊഴിൽ നികുതി |
| 2 | നാഷണൽ ബാങ്കേഴ്സ്, ചുങ്കം | II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 3 | CVCS No.K-432, K-676, K-569, K-572 (നാല് സ്ഥാപനങ്ങൾ) | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 4 | സെന്റ്. മേരീസ് ചിറ്റ്സ് ആന്റ് ഫിനാൻസ് | II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 5 | ശ്രീ. പരമേശ്വര ഫിനാൻസ് | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 6 | ബെസ്റ്റ് ഫിനാൻസ് | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 7 | അക്ഷയ ബാങ്കേഴ്സ് | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 8 | മഹാലക്ഷ്മി ബാങ്കേഴ്സ് | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 9 | സായി വുഡ്ക്രാഫ്റ്റ്, കുലശേഖരമംഗലം | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |
| 10 | ശാരദാ വുഡ്ക്രാഫ്റ്റ്, കൊട്ടൂപ്പാടം | I'st & II'nd | തൊഴിൽ നികുതി& സ്ഥാപന തൊഴിൽ നികുതി |

പഞ്ചായത്ത് പരിധിയിൽ ആറ് ധനകാര്യസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ചില സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി&സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഡി & ഓ ലൈസൻസിനായുള്ള അപേക്ഷ പ്രകാരം 30,000/-രൂപ ദിവസ വിറ്റ് വരവുള്ള ചെമ്മാനാകരി ഇൻഡോ-അമേരിക്കൻ ആശുപത്രി കാന്റീൻ എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.07 -ന് അന്വേഷണം നടത്തി തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആശുപത്രി കാന്റീനിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് എടുക്കാതെ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു

മറവൻതുരുത്ത് ഗ്രാമ പഞ്ചായത്തിലെ 2016-17കാലയളവിലെ ഡി&ഒ ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 05 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നുപോലും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.05 -ന് എല്ലാ കള്ളുഷാപ്പുകളും ഡി&ഒ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കള്ളുഷാപ്പുകളും ഡി&ഒ ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-7 റോഡ് നിർമ്മാണത്തിന് സ്വകാര്യ വ്യക്തികൾ വിട്ടുതന്ന ഭൂമി പഞ്ചായത്തിന്റെ പേരിലാക്കി ലഭിച്ചിട്ടില്ല .

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ നിർമ്മാണത്തിനായി അനേകംപേർ ഭൂമി വിട്ടു നൽകിയിട്ടുണ്ട്. ലാന്റ് റിലിങ്ക്വിഷ്മെന്റ് പത്രികകളുടെ അടിസ്ഥാനത്തിൽ ഇപ്രകാരം വിട്ടുനൽകിയിട്ടുള്ള ഭൂമി ആവശ്യമായ മേൽനടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പേരിലേക്ക് പോക്കുവരവ് ചെയ്യുന്നതിന് രേഖകൾ ആർ.ഡി.ഒ-യ്ക്ക് കൈമാറുന്നതിന് വിവിധ തീയതികളിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി നൽകിക്കൊണ്ടുള്ള സമ്മതപത്രങ്ങൾ പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനങ്ങൾ സഹിതം 29-11-16-ൽ പാലാ ആർ ഡി.ഒ-യ്ക്ക് കൈമാറിയിരുന്നെങ്കിലും നാളിതുവരെ സ്ഥലം പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി ലഭിച്ചിട്ടില്ല. റോഡുകളുടെയും ബന്ധപ്പെട്ട കമ്മിറ്റി തീരുമാനത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | സ്ഥലം വിട്ടുതന്നവരുടെ എണ്ണം | ആകെ വിട്ടുനൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം | കമ്മിറ്റി തീരുമാനം |
|---|---|---|---|
| മൂഴിക്കൽ- ഇടത്തറ നടപ്പാത കോൺക്രീറ്റിംഗ്-വാർഡ്-11 | 4 | നീളം-36 മീറ്റർ വീതി- 2മീ. | 7-10-16 ലെ 5(6) നം. തീരുമാനം. |
| കളപ്പുരയ്ക്കൽ-പതിയിൽ റോഡ് വാർഡ്- 14 | 9 | ലഭ്യമല്ല | 28-5-16- ലെ 29 നം. തീരുമാനം. |
| പള്ളിയറക്കാവ്-മംഗലത്ത് റോഡ് വാർഡ്-9 | 10 | നീളം -306.5 മീറ്റർ വീതി- 1.75 മീ. | 27-9-16-ലെ 9(3) നം. തീരുമാനം. |
| അണ്ടിമിറ്റം-ഉട്ടുമ്മാട്ട് നടപ്പാത, വാർഡ്-8 | 6 | ലഭ്യമല്ല | 27-9-16- ലെ 4 നം. തീരുമാനം. |
| മണമേൽക്കടവ്-മണത്താഴത്ത് റോഡ് | 9 | നീളം - 250.35 മീറ്റർ വീതി - 2മീ | 20-7-16- ലെ (1) നം. തീരുമാനം. |
| കടായി റോഡ്, വാർഡ്-6 | 3 | ലഭ്യമല്ല | 17-5-16-ലെ XI നം. തീരുമാനം. |

മേൽപ്പറഞ്ഞ റോഡുകളുടെ നിർമ്മാണത്തിനായ് വിട്ടുകിട്ടിയ സ്ഥലം പോക്കുവരവ് നടത്തി റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകകൾ ചെലവഴിച്ചില്ല.

വിവിധ വർഷങ്ങളിലായി പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച ചുവടെ ചേർക്കുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

| ഇനം | ആരിൽ നിന്ന് ലഭിച്ച | തുക |
|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | എക്സി.ഡയറക്ടർ ശുചിത്വമിഷൻ | 1271900 |
| രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരണ അഭിയാൻ സ്കീം | ഡി.ഡി.പി കോട്ടയം | 127143 |
| എം.എൻ ലക്ഷംവീട് നവീകരണം | ഭവനനിർമ്മാണ ബോർഡ് | 197519 |

നിലവിൽ ടി തുകകൾ തനതുഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ടി തുകകൾ വാർഷിക ധനകാര്യപത്രികയിലെ B4 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. തുകകളുടെ വരവ് സംബന്ധിച്ച ചെക്ക് /ഡി ഡി നമ്പർ, വർഷം, ചെലവ് എന്നീ വിശദാംശങ്ങൾ ലഭ്യമായില്ല.

ഓരോ ഇനത്തിനും ലഭിച്ച തുകകൾ അതാത് ആവശ്യത്തിന് ചെലവഴിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തിരികെ അടക്കേണ്ടതാണ്.

## 3-2 കാലിത്തീറ്റ ഇൻസെന്റീവ്-5414 രൂപ അധികമായി പിൻവലിച്ചു

പ്രോജക്ട് നമ്പർ-56/17

ചെലവ്-300000 (വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-ഡയറി ഫാം ഇൻസ്ട്രക്ടർ

ബിൽ നമ്പർ 1/17 തീയതി 14.3.17

ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ഗുണഭോക്താക്കൾക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകലായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക മറവന്തുരുത്ത് ക്ഷീരസംഘത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് സംഘത്തിൽ നിന്നാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 3 ക്ഷീരസംഘങ്ങളിലായി 294586 രൂപയേ വിതരണം ചെയ്തിട്ടുള്ളൂ. 5414 രൂപ അധികമായി പിൻവലിച്ചിരിക്കുകയാണ്.

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലെ അപാകത മൂലം സംഘത്തിൽ നിന്നും ചെക്ക് നൽകാൻ സാധിക്കാതെ വന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | നൽകേണ്ട തുക |
|---|---|---|
| 1 | അനില അജികുമാർ | 1152 |
| 2 | പത്മിനി കുമാരൻ | 390 |
| 3 | മണിയമ്മ | 495 |
| 4 | നീന | 642 |
| 5 | ശശി എം.വി | 642 |
| 6 | ലതാകുമാരി ജി | 414 |

| | | |
|---|---|---|
| 7 | കുമാരി എം | 461 |
| 8 | അമ്പിളി അജയൻ | 1218 |

അപാകത പരിഹരിച്ച് ഗുണഭോക്താക്കൾക്ക് തുക നൽകിയശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 റോഡ് ടാറിങ്ങ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 +5% VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽനിന്നും മേൽപ്പറഞ്ഞപ്രകാരം ബാരൽവില ഈടാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം, പേര് | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 126/17 പഞ്ചായത്ത് പള്ളിപ്പറമ്പ് റോഡ് ടാറിംഗ് | ബൈജു എം. മണി | SS1-476.85kg<br>RS1-154.28kg<br>S65-1183.71kg | 3<br>1<br>8 | 3000 |
| 71/17<br>ഇടയത്ത് കൊച്ചിനേഴത്ത് റോഡ് ടാറിംഗ് | ബൈജു എം. മണി | SS1-548.32kg<br>RS1-177.4kg<br>S65-1361.13kg | 3<br>1<br>9 | 3250 |
| 93/17<br>ആഞ്ജനേയ മഠം കരിയിൽ റോഡ് ടാറിംഗ് | ബൈജു എം. മണി | SS1-274.26kg<br>RS1-88.73kg<br>S65-680.83kg | 2<br>1<br>5 | 2000 |
| 131/17<br>കളത്തിപ്പറമ്പ് ഇത്തിപ്പുഴ റോഡ് ടാറിംഗ് | അനിൽകുമാർ കെ.ആർ | SS1-339.66kg<br>RS1-.89.91kg<br>S65-843.286kg | 2<br>1<br>6 | 2250 |
| 122/17<br>പാലാംകടവ് പാലയ്ക്കൽ റോഡ് ടാറിംഗ് | അനിൽകുമാർ കെ.ആർ | SS1-206.125kg<br>RS1-170.753kg<br>S65-1665.01kg | 2<br>1<br>11 | 3500 |
| 74/17<br>കണ്ണൻകേരിൽ ചിറയിൽ റോഡ് ടാറിംഗ് | ബൈജു എം. മണി | SS1-508.96kg<br>RS1-164.67kg<br>S65-1263.6kg | 3<br>1<br>9 | 3250 |
| 83/17 | ബൈജു എം. | SS1-309.9kg | 2 | 2000 |

| | | | | |
|---|---|---|---|---|
| ചുങ്കം പാട്ടശ്ശേരി റോഡ് ടാറിംഗ് | മണി | RS1-100.254kg<br>S65-769.224kg | 1<br>5 | |
| 132/17<br>മണലേല് കോളനി റോഡ് ടാറിംഗ് | അനിൽകുമാർ കെ.ആർ | SS1-456.45kg<br>RS1-147.6kg<br>S65-1133.65kg | 3<br>1<br>8 | 3000 |
| 124/17 വാലാച്ചിറ അയ്യപ്പനേഴത്ത് ഗുരുമന്ദിരം റോഡ് മെറ്റലിംഗ് & ടാറിംഗ് | ബൈജു എം. മണി | SS1-277.57kg<br>RS1-59.81kg<br>S65-689.6kg | 2<br>1<br>5 | 2000 |
| ആകെ | | | | 24250 |

ബാരൽ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിനാൽ ഗ്രാമപഞ്ചായത്ത് കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9) മറുപടി ലഭ്യമാക്കിയില്ല. ആകെ അധികം നൽകിയ തുക 24250/-രൂപ കരാറുകാരനിൽ നിന്നോ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സേവനനികുതി അടവാക്കിയതായി കാണുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നംപർ- 88/17

പ്രോജക്റ്റ്-കുറ്റിക്കാട്ട് കോളനി നവീകരണം

കരാറുകാരൻ-ശ്രീ. ആർ. സുഹാസ്

ബിൽ നമ്പർ-4/22.3.17

2016-17 വർഷം നടപ്പാക്കിയ ഈ പ്രവൃത്തിക്ക് സേവനനികുതിയിനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് കരാറുകാരന് നല്കിയിട്ടുള്ളതായി കാണുന്നു. ആകെ വേല മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തുകയും ആകെ തുകയിൽ നിന്ന് സേവനനികുതി ഒഴികെയുള്ള നികുതികൾ കുറച്ച തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നല്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ തുക അടവാക്കിയതായി കാണുന്നില്ല.

ബില്ലിന്റെ വിശദാംശങ്ങൾ

ആകെ വേലമൂല്യം-235507

tender below- 32969

അറ്റ തുക -----202538

സേവനനികുതി (6%)-12152

വാറ്റ്-8102

ഐ.റ്റി-2025

KCWWF- 2025

കരാറുകാരന് നല്കിയ തുക-202538

സേവനനികുതി ഉൾപ്പെടെയുള്ള തുക കരാറുകാരന് നൽകിയെങ്കിലും സേവനനികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. സേവന നികുതിയിനത്തിൽ വകയിരുത്തിയ തുക ബിൽ മാറിയ തീയതിയിൽ തന്നെ

കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നു. ഇപ്രകാരം സേവന നികുതിയിനത്തിൽ ഒടുക്കാതെ കരാറുകാർക്ക് നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്ന വിധം ഒടുക്കുകയോ അല്ലെങ്കിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുക അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. അടവ് വിവരം ലഭ്യമല്ലാത്ത 12152 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ- മരുന്ന് എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്

(എ) പ്രോജക്ട് നം: S0070/17

(സ്ഥിരം മരുന്ന് കഴിക്കുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ- 1,00,000/-

മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് പി.ച്ച്.സി മെഡിക്കൽഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ, സ്ഥിരം മരുന്ന് കഴിക്കുന്ന രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 22-12-16, 28-02-17, 30-3-17 എന്നീ തീയതികളിലായി യഥാക്രമം 4590/-, 35681/-, 59729/- എന്നീ തുകകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലെക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 8-2-2017-ലെ ഇൻ- വോയ്സ് നം. 928 പ്രകാരമുള്ള 4590/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 28-02-17- ൽ കൈമാറിയ 35681/- രൂപയുടെ രസീത് സ്ഥാപനം നൽകിയിട്ടുമില്ല. പ്രസ്തുത തുകയുടെ രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ് . ലഭ്യമാക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില 95410/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ബി) പ്രോജക്ട് നം: S0063/17

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-2,00,000/-

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴയ്ക്ക് എൻ.ഇ.എഫ്.റ്റി- ആയി 2,00,000/- രൂപ 25-01-2017-ൽ SBI അക്കൗണ്ട് നം. 34306403911- ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി (22.06.2017) വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്നുകളുടെ വില 2,00,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(സി) പ്രോജക്ട് നം: S0094/17

(ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-5,00,000/-

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് D D നം 280441/ 22-12 16 പ്രകാരം 5,00,000/- രൂപ കൈമാറിയിരുന്നു. ഇതിൽ 486400/- രൂപയുടെ മരുന്ന് സ്വീകരിച്ച് സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. ലഭ്യമാക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില 13600/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശിച്ച പദ്ധതികൾ പ്രകാരമുള്ള മരുന്ന് എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 കണ്ണങ്കുളത്ത്പാലം അറ്റകുറ്റപ്പണി - ചെലവുതുക തിരികെ ഈടാക്കിയിട്ടില്ല

തുരുത്തുമ്മേൽ-കൊച്ചങ്ങാടി പ്രദേശങ്ങളിലെജനങ്ങളുടെ പ്രധാന സഞ്ചാരമാർഗ്ഗമായ കണ്ണങ്കുളത്ത്പാലം റവന്യൂവകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിലും യഥാസമയം പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തി അപകടാവസ്ഥ ഒഴിവാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുകാണുന്നില്ല. പഞ്ചായത്ത്കടത്ത് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻപ് കടത്തുവള്ളം മറിഞ്ഞ് യാത്രക്കാർ മരണപ്പെട്ട സംഭവത്തിനുശേഷം റവന്യൂവകുപ്പ് നിർമ്മിച്ച പ്രസ്തുതപാലമാണ് ഭൂരിപക്ഷംപേരും ഉപയോഗപ്പെടുത്തുന്നത്. മേൽ സാഹചര്യത്തിൽ പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതിന്റെ അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് റവന്യൂവകുപ്പിന്റെ അനുമതിക്ക് വിധേയമായി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പഞ്ചായത്തുതന്നെ തനതുഫണ്ട് വകയിരുത്തി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിപ്പോരുന്നു.

പാലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും തുടർനടപടികളുണ്ടായിട്ടില്ല. റവന്യൂവകുപ്പിന്റെ ആസ്തിയിൽപ്പെടുന്ന പാലത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുക റവന്യൂവകുപ്പിൽനിന്നും പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്.

ഈ വിഷയം പഞ്ചായത്തുകമ്മിറ്റി റവന്യൂവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂലമായ തീരുമാനം എടുക്കാത്തപക്ഷം അറ്റകുറ്റപ്പണികൾക്കായി ഭാവിയിലുണ്ടാകുന്ന വൻചെലവുകൾ താരതമ്യേന തനതുവരുമാനം കുറവായ പഞ്ചായത്തിന് ബാധ്യതയായി മാറുന്ന സാഹചര്യം ഉണ്ടാകുന്നതാണ്. ആയതിനാൽ ഈ വിഷയത്തിൽ യുക്തമായ തീരുമാനമെടുത്ത് പഞ്ചായത്ത് ചെലവഴിച്ച തുക വകുപ്പിൽനിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 വെള്ളക്കരമിനത്തലുള്ള അധികച്ചെലവ് - ക്രമീകരിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല

ഓഡിറ്റ് വർഷം വെള്ളക്കരമിനത്തിൽ 13,65,000/- രൂപ വിവിധ വൗച്ചറുകളിലായി നൽകിയിട്ടുണ്ട്. ആയത് ടാപ്പൊന്നിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ 260 ടാപ്പുകളുടെ 12 മാസത്തെ വെള്ളക്കരമാണ്. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ട് രണ്ടുവർഷത്തിലധികമായി എന്ന് ബോധ്യപ്പെട്ടു. നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പൊതുടാപ്പുകളുടെ വിവരം സംബന്ധിച്ച് കണക്കെടുപ്പ് നടത്തുന്നതിന് 29-6-16-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു (നം-14). അതിന്റെ അടിസ്ഥാനത്തിൽ സംയുക്തപരിശോധന നടത്തുന്നതിന് അനുയോജ്യമായ തീയതി അറിയിക്കണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റിക്ക് കത്തയച്ചിട്ടുണ്ടെങ്കിലും തുടർനടപടികളുണ്ടായിട്ടില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ, നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഒടുക്കി പഞ്ചായത്തിന്റെ ചെലവിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 3-8 വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

തൻവർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനയി മറ്റ് നിർവ്വഹണസ്ഥാപനങ്ങൾക്ക് / ഏജൻസികൾക്ക് വാർഷികപദ്ധതിപ്രകാരം വകയിരുത്തിയിരുന്ന തുക കൈമാറി നൽകിയെങ്കിലും തുകയുടെ വിനിയോഗവിവരങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണോദ്യോഗസ്ഥൻ | നിർവ്വഹണ സ്ഥാപനം | കൈമാറിയ തുക | ബിൽനമ്പർ |
|---|---|---|---|---|
| s03/17-പി.എം.എ.വൈ. വിഹിതം അടയ്ക്കൽ | സെക്രട്ടറി, മറവൻതുരുത്ത് പഞ്ചായത്ത് | സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 240000/- | 51600812/ 17-2-17 |
| S0145/17-എസ്.സി.കോളനികളിൽ വൈദ്യുതിലൈൻനിട്ടൽ | ,, | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ചെമ്പ് | 420400/- | 51600921/ 14-3-17 |
| S049/17-എസ്.എസ്.എ.വിഹിതം നൽകൽ | എച്ച്.എം., ഗവ.യു.പി.എസ്. മറവൻതുരുത്ത് | പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ. | 161800/- | 51600867/ 2-3-17 |

| | | | | |
|---|---|---|---|---|
| So53/17 എസ്.എസ്.എ.വിഹിതം (എസ്.സി) | ,, | ,, | 38200/- | 51600868/ 2-3-17 |
| So140/17സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ | സെക്രട്ടറി | ഡയറക്ടർ, സാമൂഹ്യസുരക്ഷാമിഷൻ, തിരുവനന്തപുരം | 100000/- | 51600818/ 22-2-17 |
| 103/17 -ഐ.എ.വൈ വിഹിതം (എസ്.സി) നൽകൽ | ,, | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വൈക്കം | 5,75000/- | 5160101021/ 30-3-17 |
| 40/17-പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി | വെറ്റിനറി സർജൻ | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം ജില്ല | 312500-/ | 51600984/ 23-3-17 |
| ആകെ | | | 18,47,900/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ കൈമാറിയ ആകെത്തുകയായ 18,47,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുതുകയുടെ വിനിയോഗവിവരങ്ങളും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-9 വിവിധ ഭവനനിർമ്മാണ പ്രോജക്ടുകൾ- -ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1.പ്രോജക്ട് 35/17 ഭവനനിർമ്മാണം

2014-15 വർഷം ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടവരിൽ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക | സ്റ്റേജ് |
|---|---|---|---|---|
| 1 | ഷൈല ദിനേശൻ, പരേപ്പാടം, വാർഡ്- 12 | 07.012015 | 70000 | ബേസ്മെന്റ് |
| 2 | സുജിത ബിനീഷ്, മാന്താഴിയിൽ, വാർഡ്- 1 | 07.01.2015 | 80000 | ബേസ്മെന്റ് |
| 3 | ശോഭന പൂവത്തുകാട്ടിൽ,വാർഡ്- 14 | 29.01.2015 | 20000 | വാനംമാന്തി |

2. ഇ.എം എസ് ഭവനപദ്ധതി

ടി പ്രോജക്ട് പ്രകാരം നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള 4 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|---|
| 1 | സനിൽ കെ. സനിൽ ഭവൻ, വാർഡ്-I | 17.12.2009 | 52500 | ബേസ്മെന്റ് |
| 2 | സോമൻ പോളക്കുളങ്ങര, വാർഡ് XIV | 06.01.2010 | 52500 | ബേസ്മെന്റ് |
| 3 | അനിൽ കുമാർ, ആശാരിപറമ്പിൽ, വാർഡ് X | 23.03.2010 | 52500 | ബേസ്മെന്റ് |
| 4 | ബാബു പറയകോണത്ത്, വാർഡ് IX | 04.08.2010 | 52500 | ബേസ് മെന്റ് |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻവേണ്ട നടപടികൾ

സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 471 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 372 പ്രോജക്ടുകളിൽ 340പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2016-17 വർഷം 83485 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1599 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഭൂവികസന പ്രവൃത്തികൾ, ഐ.എ.വൈ, പട്ടിക ജാതി പട്ടിക വർഗ്ഗ ഡിപ്പാർട്ട്മെന്റ് എന്നിവടങ്ങളിൽ നിന്നുള്ള വീടുകളുടെ അവിദഗ്ധ തൊഴിൽ ഘടകം, മഴക്കുഴിനിർമ്മാണം, തോടുകളുടെയും, കുളങ്ങളുടേയും പുനരുദ്ധാരണം നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 .സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 16-17 | 100000 | ജൈവപച്ചക്കറി ഗ്രാമം | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 16-17 | 100000 | ആശ്വാസകിരണം | 57615 | 42385 |
| ബ്ളോക്ക് പഞ്ചായത്ത് | 16-17 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 420400 | 145/17,വിവിധ കോളനികളിൽ ലൈൻ എക്സ്റ്റൻഷൻ | 420400 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക(മുതൽ) | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ.(എം.എസ്) 1309/10/lsgd 13.4.10 | 10834750 | 3128823 | 876773 | 2252050 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 71929 രൂപ വരവുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അടവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-00 | ഭാഗം 2,ഖണ്ഡിക 3 | 2004-05 | 3-5-5(1) | മണമേൽക്കടവ് പാലം-നിർമ്മാണ അപാകതകൾ | - |
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷിക പദ്ധതിയും കൃഷിഭവനം, ശിശുക്ഷേമം | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39845106 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37301977 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2169062 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 12152 | ശ്രീമതി ശോഭിനി റ്റി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 95410 | ഡോ.അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | 200000 | ഡോ.നമിത, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 13600 | ഡോ.സുധിൻ കൃഷ്ണൻ റ്റി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-8 | 1847900 | 200000- ശ്രീ.വിജയകുമാർ, ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, മറവൻതുരുത്ത്<br>1335400- ശ്രീമതി മീര എൻ.നായർ, സെക്രട്ടറി, മറവൻതുരുത്ത് പഞ്ചായത്ത്<br>312500- ഡോ.അനിൽകുമാർ, വെറ്റിനറി സർജൻ |
| ആകെ | 2169062 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ- ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 ,00-01,01-02 | എൽ.എഫ്.കെ.പി6/1109/11 19.6.12 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/103/02 28.2.07 |
| 2003-04ചെലവ് | എൽ.എഫ്.കെ.പി7/302/06 26.5.07 |
| 2004-05 | എൽ.എഫ്.കെ.പി7/911/07 12.5.08 |
| 2005-06 | എൽ.എഫ്.കെ.പി6/1109/11 22.6.12 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13 7.12.13 |
| 2007-08 | എൽ.എഫ്.കെ.പി6/1468/13 24.3.14 |
| 2008-09 | എൽ.എഫ്.കെ.പി6/1469/13 3.1.14 |
| 2009-10 | എൽ.എഫ്.കെ.പി6/1470/13 12.12.13 |
| 2010-11 | എൽ.എഫ്.കെ.പി6/1471/13 6.1.14 |
| 2011-12 | എൽ.എഫ്.കെ.പി6/1676/13 26.3.14 |
| 2012-13 | എൽ.എഫ്.കെ.പി.6/988/14 10.6.15/7.7.15 |
| 2013-14,2014-15 | എൽ.എഫ്.കെ.പി.6/309/16 4.5.16/13.5.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ കെടിഎം പി6 1788/16 22.11.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ-കെടിഎം.പി.987/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 05.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം